"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്-സ്കൂൾ ഉച്ചഭക്ഷണ പദ്ധതി -സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലുൾപ്പെട്ട കുട്ടികൾക്ക് 2023 ഓണക്കാലത്ത് കുട്ടിയൊന്നിന് 5 കിലോഗ്രാം വീതം അരി വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ(എം) വകുപ്പ്**

സ.ഉ.(സാധാ) നം.4759/2023/GEDN തീയതി,തിരുവനന്തപുരം, 19-08-2023

പരാമർശം:- 1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21.07.2023-ലെ എൻ.എം.എ(3)/11493/2023/ഡി.ജി.ഇ നമ്പർ കത്ത്

**ഉത്തരവ്**

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലുൾപ്പെട്ട കുട്ടികൾക്ക് 2023 ഓണക്കാലത്ത് കുട്ടിയൊന്നിന് 5 കിലോഗ്രാം വീതം അരി വിതരണം ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ, പരാമർശത്തിലെ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. PM POSHAN പദ്ധതി പ്രകാരം സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായുള്ള കുട്ടികൾക്ക്, ഒരു കുട്ടിക്ക് 5 കിലോഗ്രാം എന്ന കണക്കിൽ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ( സപ്ലൈക്കോ) കൈവശം സ്റ്റോക്ക് ഉള്ള അരിയിൽ നിന്നും ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പ്രകാരം വിതരണം ചെയ്യുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(i) പ്രസ്തുത അരി സപ്ലൈകോ തന്നെ സ്കൂളുകളിൽ നേരിട്ട് എത്തിച്ച് നൽകേണ്ടതാണ്.

(II) ഈയിനത്തിൽ വരുന്ന ചെലവ് പദ്ധതി നടത്തിപ്പിനായി നടപ്പ സാമ്പത്തിക വർഷം തുക അനുവദിച്ചിട്ടുള്ള ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

1 പൊതു വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ) കേരളം ,തിരുവനന്തപുരം .
3.അക്കൗണ്ടന്റ് ജനറൽ (എ &ഇ ) കേരളം ,തിരുവനന്തപുരം .
4.സിവിൽ സപ്ലൈസ് കമ്മീഷണർ,തിരുവനന്തപുരം
5.ചെയർമാൻ &മാനേജിംഗ് ഡയറക്ടർ ,കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ) എറണാകുളം

6.ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്(FCSD-C2/130/2023-FCSD)

7.വിവര പൊതു ജന സമ്പർക്ക(വെബ് &ന്യൂ മീഡിയ )വകുപ്പ്

8.ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ,KITE ,തിരുവനന്തപുരം (പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Namitha T
Date: 19-08-2023 18:11:42

പകർപ്പ് - 1. ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

2. പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

3. പൊതുവിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ യ്ക്ക്.